എമ്മാവൂസ്
# വചനദൂത്




# അന്ധന് കാഴ്ച നൽകുന്നു

ഏലിയാ സ്ലീവ മൂശക്കാലം ഒന്നാം ഞായർ ലൂക്കാ 18:35–43

Vol.12 / Issue - 12 / 10 Sep 2017

ബ്ര. വിനോയ് കുത്തുകല്ലുങ്കൽ

സീറോ മലബാർ സഭയുടെ ആരാധനാക്രമമനുസരിച്ച് ഒമ്പതു ആഴ്ചകൾ ഉള്ള ഏലിയാ സ്ലീവാ മൂശാക്കാലം ആരംഭിക്കുകയാണ്. കർത്താവിന്റെ രണ്ടാമത്തെ ആഗമനവും കുരിശിന്റെ വിജയവുമാണ് ഏലിയാ സ്ലീവാക്കാലത്ത് പ്രത്യേകം നാം അനുസ്മരിക്കുക. സെപ്തംബർ 4-ാം തീയതി ആരംഭിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മഹത്വത്തോടെയുള്ള ഈശോയുടെ രണ്ടാമത്തെ ആഗമനവേളയിൽ ആകാശത്ത് സ്ലീവാ പ്രത്യക്ഷപ്പെടുമെന്ന വിശ്വാസം ആദിമ നൂറ്റാണ്ട് മുതൽ സഭയിൽ ഉണ്ടായിരുന്നു. അതിനു മുമ്പ് ഏലീയാ പ്രവാചകൻ പ്രത്യക്ഷപ്പെടുമെന്ന വിശ്വാസവും അവർ വച്ചുപുലർത്തിയിരുന്നു. താബോർ മലയിൽ മഹത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മൂശയും ഏലിയയും കാണപ്പെട്ടതുപോലെ കുരിശിന്റെ മഹത്വത്തെ ആചരിക്കുന്ന തിരുനാളിനു മുമ്പും പിമ്പുമായി ഈ രണ്ടു ചരിത്രപുരുഷന്മാരെയും സഭയിൽ അനുസ്മരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

മഹത്വത്തോടെ പ്രത്യക്ഷനാകുന്ന ഈശോയെ സ്വീകരിക്കാൻ അന്ധകാരത്തിന്റെ പാതയിൽ നിന്നും പ്രകാശത്തിന്റെ പാതയിലേക്ക് എല്ലാവരും കടന്നു വരേണ്ടതുണ്ട്. വി. ലൂക്കായുടെ സുവിശേഷം 19-ാം അധ്യായം 35 മുതൽ 43 വരെയുള്ള തിരുവചനങ്ങൾ ഇതിനൊരു ഓർമ്മപ്പെടുത്തലാണ് അന്ധനായ ഒരു മനുഷ്യനെ ഈശോ ഇവിടെ സുഖപ്പെടുത്തുന്നു. ജറീക്കോയിലെ ഈ അന്ധനെ നാം ഒന്നു ധ്യാനിക്കുമ്പോൾ ഒത്തിരി പ്രത്യേകതകൾ ഉള്ളതായി കാണാം. അവൻ കർത്താവിനോട് ചോദിക്കുന്നത് "എനിക്ക് കാഴ്ച വീണ്ടു കിട്ടണം" എന്നാണ്. ഒരിക്കൽ ദൈവത്തെ അറിയുകയും പിന്നീട് ആസക്തികളുടെയും ആർഭാടങ്ങളുടെയും നടുവിൽ അവിടുത്തെ മറന്നുപോവുകയും ചെയ്ത എല്ലാ മനുഷ്യരുടെയും പ്രതീകമാണ് ഈ അന്ധയാചകൻ. ദൈവത്തെ മറക്കുമ്പോൾ നാമെല്ലാവരും അന്ധകാരത്തിലേക്ക് തള്ളപ്പെടുന്നു. വി. ലൂക്കായുടെ സുവിശേഷം 24:31 തിരുവചന ഭാഗങ്ങളിൽ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ

അനുഭവങ്ങളും ഇതുതന്നെയായിരുന്നു. "ഗുരുവാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു" അന്ധകാരത്തിലേക്ക് വഴുതി തുടങ്ങിയ അവരെ യേശുവിന്റെ സാമീപ്യം വീണ്ടും പ്രകാശത്തിലേക്ക് നയിക്കുന്നു. അവരുടെ അകകണ്ണുകളിലെ അന്ധകാരത്തെ പാടെ തുടച്ചു നീക്കുന്നു. തിരിച്ചറിഞ്ഞുകൊണ്ടുള്ള ഒരു തിരിച്ചു വരവ്.

വീണ്ടും ദൈവന്വേഷിയുടെ പ്രതിരൂപമായി അന്ധനായ യാചകൻ നമ്മുടെ മുന്നിൽ നിൽക്കുന്നു. ഒരിക്കൽ അവൻ അന്ധകാരത്തിലേക്ക് വീണുപോയവനെങ്കിലും നിത്യമായ പ്രകാശത്തെ അന്വേഷിച്ച് അറിയാൻ അവൻ മറന്നില്ല. അതുകൊണ്ട് തന്നെയാണല്ലോ വി. ലൂക്കാ ഇങ്ങനെ വിവരിക്കുക "ജനക്കൂട്ടം കടന്നുപോകുന്ന ശബ്ദം കേട്ട് എന്താണ് സംഭവിക്കുന്നത് എന്ന് അവൻ അന്വേഷിച്ചു." സ്വതവേ വലിയ തിരക്കുള്ള വഴിയാണെങ്കിലും ദൈവസാന്നിധ്യത്തെ അവൻ തിരിച്ചറിഞ്ഞു. അതിന് ജനക്കൂട്ടമോ അന്ധതയോ അവന് തടസ്സമില്ല. ഈ അന്വേഷണം തന്നെയാണ് അവനെ യേശുവിനെ വിളിക്കുന്നതിലേക്കും സൗഖ്യം നേടുന്നതിലേക്കും എത്തിക്കുന്നതും. അന്വേഷണം അവസാനിപ്പിക്കുമ്പോൾ സത്യം കണ്ടെത്താനുള്ള വാതിൽ അടയുന്നു. പാപത്തിന്റെ അന്ധകാരത്തിൽ തപ്പിതടഞ്ഞപ്പോഴും സത്യത്തിനുവേണ്ടി ദാഹിച്ച അഗസ്തീനോസ് ഏറെ വൈകിയാണെങ്കിലും നിത്യമായ സത്യത്തെ കണ്ടെത്തി. ജഡികാസക്തിക്കും ലൗകികതക്കും അടിമപ്പെട്ട ചാൾസ് എന്ന ചെറുപ്പക്കാരൻ, അകമറിഞ്ഞ് ഹൃദയപൂർവ്വം യേശുവിനെ അന്വേഷിച്ചപ്പോൾ വി. ചാൾസ് ഡി. ഫുക്കോഡ് ആയി മാറി. യഹൂദ കുടുംബത്തിൽ പിറന്ന ഈഡിത് സ്റ്റൈയിൻ കത്തോലിക്കാ സന്യാസിനിയായി, വിശുദ്ധയായി മാറിയതിന്റെ പിന്നിലും ഈ അന്വേഷണവും അന്തരംഗത്തിൽ നിന്നുയർന്ന നിലവിളിയും കണ്ടായിരുന്നു. വി. അബ്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു "ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നത് ഉറങ്ങുന്നവർക്കല്ല, അദ്ധ്വാനിക്കുന്നവർക്കും സ്ഥിരോത്സാഹത്തോടെ വിളിച്ചപേക്ഷിക്കുന്നവർക്കുമാണ്." അതേ ദൈവാന്വേഷണം നമ്മെ യഥാർത്ഥ ഉൾക്കാഴ്ചയിലേക്കും നിത്യപ്രകാശത്തിലേക്കും നയിക്കും

വീണ്ടും അന്ധയാചകൻ നമ്മെ ഓർമ്മപ്പെടുത്തുക നിത്യപ്രകാശമായ യേശുവിലുള്ള യഥാർത്ഥ വിശ്വാസത്തെയാണ്. തികച്ചും അപരിചിതനായ അന്ധന്റെ ജീവിതത്തിലേക്ക് കടന്നു വരുന്ന യേശു സാവകാശം നസ്രായനും ദാവീദിന്റെ പുത്രനും രക്ഷകനും കർത്താവും ദൈവവുമായി അവൻ തിരിച്ചറിയുകയാണ്. വിശ്വാസം എന്നത് ദൈവപുത്രനായ യേസു കർത്താവും ദൈവവുമാണെന്ന അനുഭവവും ബോധ്യവുമാണ് ഈ വിശ്വാസത്തിൽ ആഴപ്പെടുന്ന അനുഭവം ആണ് രക്ഷ. അതുകൊണ്ടാണ് യേശു അവനോട് "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നു പറയുന്നത്. ഈശോയിലുള്ള വിശ്വാസത്തിൽ ആഴപ്പെടുമ്പോൾ നാം രക്ഷയുടെ ഭാഗമാകുന്നു. രക്ഷയെന്നത് ശാരീരിക സൗഖ്യമോ ഭൗതിക നേട്ടങ്ങളോ മാത്രമായി മനസ്സിലാക്കുന്നവർക്ക് വിശ്വാസത്തെ രക്ഷയായി അനുഭവിക്കാൻ കഴിയില്ല. രക്ഷയെന്നത് യേശുവിനെ സ്വന്തമാക്കുന്നതാണ് എന്ന ഉൾക്കാഴ്ച ക്രൈസ്തവരായ നാം ഓരോരുത്തർക്കും ഉണ്ടാകണം. ഈ സത്യത്തിലേക്കാണ് നാം വളരേണ്ടതും.

സൗഖ്യം ലഭിച്ച അന്ധന്റെ ഏറ്റവും വലിയ സവിശേഷത സൗഖ്യത്തിനു ശേഷം യേശുവിനെ അനുഗമിച്ചു എന്നതാണ്. നിത്യമായ സത്യത്തെ തിരിച്ചറിഞ്ഞവൻ അതിനെ അനുഗമിച്ചു. നാമൊക്കെ അനുഗ്രഹങ്ങൾ സ്വീകരിച്ചാൽ മാത്രം പോരാ അതിനനുസൃതമായ ജീവിതം കൂടി നയിക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നുണ്ട്. ഓരോ ക്രൈസ്തവന്റെയും ജീവിതം നിൽക്കേണ്ടത് ഈ രക്ഷയുടെ അനുഭവമായ വി. കുർബാനയിലാണ്. ദിവ്യകാരുണ്യത്തിലാണ്. അതിനു തടസ്സമായി വരുന്ന എല്ലാ തിന്മകളുടെ ശക്തികളെയും അന്ധകാരത്തിന്റെ മറകളെയും യഥാർത്ഥമായ വിശ്വാസത്തിലൂന്നിയ ദൈവാന്വേഷത്തിലൂടെ നാം മറികടക്കണം. ഏശയ്യാ പ്രവാചകന്റെ പുസ്തകം 20:2 പറയുന്നതുപോലെ "രക്ഷിക്കാൻ കഴിയാത്തവിധം അവിടുത്തെ കരം കുറുകിപ്പോയിട്ടില്ല." വിശ്വാസത്തോടെ വിളിച്ചാൽ വിളികേൾക്കുന്നവനാണ് ദിവ്യകാരുണ്യനാഥൻ. ഓരോ വി. കുർബാനയിലും അവിടുന്ന് കാത്തിരിക്കുകയാണ്. ഈ ഒരു രക്ഷയുടെ അനുഭവം നിനക്കു പകർന്നു തരാൻ. നമ്മുടെ ഭിക്ഷാപാത്രവും യാചനയുമായി നാം സമീപിക്കേണ്ടത് ഈ ലോകത്തിൽ മറ്റാരെയുമല്ല ദിവ്യകാരുണ്യനാഥനായ ഈശോയെ ആണെന്ന ബോധ്യം നമുക്കെപ്പോഴും ഉണ്ടാകട്ടെ. കാരണം അവിടുന്ന് നൽകുന്നത് അവിടുത്തെ തന്നെയാണ്. അവനെ അനുഭവിച്ചവർക്ക് പിന്നീട് ലോകത്തിലേക്ക് തിരിയേണ്ടി വന്നിട്ടില്ല. നിത്യപ്രകാശമായ ദിവ്യകാരുണ്യനാഥന്റെ കൃപ നമ്മോരോരുത്തരിലും ഉണ്ടാകട്ടെ. ◆